പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2578 — 09-05-2017-ലെ മറുപടിയ്ക്ക്

**പി.പി.എഫ്.എം., വി.എ.എം. എന്നീ നൂതന സാങ്കേതിക വിദ്യകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. ഉമ്മർ**<br>**ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| **(എ)** | സംസ്ഥാനത്ത് വരൾച്ചയെ പ്രതിരോധിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പി.പി.എഫ്.എം., വി.എ.എം.എന്നീ നൂതന സാങ്കേതിക വിദ്യകൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | **(എ)** | ഉണ്ട്. വരൾച്ചയിൽ നിന്നും കാർഷിക വിളകളെ സംരക്ഷിക്കുന്നതിനായി തമിഴ് നാട് കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത ഒരു നൂതന സാങ്കേതിക വിദ്യയാണ് പി.പി.എഫ്.എം. ടെക്നോളജി. 2016-17-ൽ പാലക്കാട്, തൃശ്ശൂർ, കോട്ടയം ജില്ലകളിലായി 394.44 ഹെക്ടർ സ്ഥലത്ത് പി.പി.എഫ്.എം. പ്രയോഗിക്കുന്നതിന് 8,68,100/- രൂപ ചെലവഴിച്ചു.<br><br>വി.എ.എം. എന്ന ജീവാണു വളം നിലവിൽ കർഷകർ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയാണ്. വി.എ.എം. ചേർത്ത് നടുന്ന ചെടികൾക്ക് മണ്ണിൽ അടങ്ങിയിട്ടുള്ള ഫോസ്ഫറസിന്റെ ലഭ്യതയും, വെള്ളം, നൈട്രജൻ, പൊട്ടാഷ് എന്നിവയുടെ ലഭ്യത കൂട്ടുകയും ചെയ്യുന്നു. |
| **(ബി)** | പ്രസ്തുത പദ്ധതിക്കായി ഭരണാനുമതി പ്രകാരം നൽകിയ തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | **(ബി)** | വിവിധ സാങ്കേതിക കാരണങ്ങൾ മൂലം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിച്ചില്ല. വിളയുടെ ഘട്ടത്തിനനുസരിച്ച് ഏറ്റവും നിർണ്ണായകമായ അടിക്കണ-പരുവത്തിലും കതിരിടുന്ന ഘട്ടങ്ങളിലും പ്രയോഗിക്കുമ്പോൾ ആണ് ഇതിന്റെ പ്രയോജനം ഏറ്റവുമധികം വിളയ്ക്ക് ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ 394.44 ഹെക്ടറിലേയ്ക്ക് ആവശ്യമായി വന്ന 8,68,100/- രൂപയാണ് വിനിയോഗിച്ചത്. |
| **(സി)** | പ്രസ്തുത സാങ്കേതിക വിദ്യ കാർഷിക മേഖലയിൽ ഉണ്ടാക്കുവാൻ സാധ്യതയുള്ള നേട്ടങ്ങളെയും കോട്ടങ്ങളെയും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | **(സി)** | നെൽകൃഷിയെ സംബന്ധിച്ച് വിളയുടെ അവസാന നിർണ്ണായക ഘട്ടങ്ങളിലുണ്ടാകുന്ന ജലദൗർലഭ്യം മൂലമുള്ള വിളനാശത്തെ അതിജീവിക്കുവാനും വിളവ് ഉറപ്പാക്കുവാനും പി.പി.എഫ്.എം. എന്ന നൂതന സാങ്കേതിക വിദ്യ ഒരളവുവരെ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വിദ്യയുടെ നേട്ടങ്ങളും കോട്ടങ്ങളും പരിശോധിച്ച ശേഷമാണ് തമിഴ് നാട് സർവ്വകലാശാല ഇതു പുറത്തിറക്കിയിട്ടുള്ളത്. ഇത് വിശ്വാസയോഗ്യമായതിനാലാണ് കേരളത്തിലെ കർഷകർക്ക് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കാൻ നിർദ്ദേശം നൽകിയത്. |

**സെക്ഷൻ ഓഫീസർ**

1/